14769
6/7/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - മട്ടി, പാല, ഇലവ് എന്നീ പാഴ്മരങ്ങളെ എസ്സൻഷ്യൽ കമ്മോഡിറ്റി ആക്റ്റിന്റെ പരിധിയിൽ കൊണ്ടു വരുന്നതു സംബന്ധിച്ചും വെളിയിലേക്ക് കടത്തുന്നതു നിരോധിയ്ക്കുക എന്നിവ സംബന്ധിച്ചും പഠനം നടത്തുന്നതിനു നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യ ജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ)/244/2017/വനം** തിരുവനന്തപുരം,തീയതി, 03/07/2017

പരാമർശം:- 1) 12.06.2014-ലെ സ.ഉ(സാധാ)നം. 262/2014/വനം നമ്പർ ഉത്തരവ്
2)അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്)ന്റെ 10.01.2017-ലെ പ്രൊ(4)-42727/2013 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മട്ടി, പാല, ഇലവ് എന്നീ മരങ്ങളെ അവശ്യസാധന നിയന്ത്രണ നിയമത്തിന്റെ കീഴിൽ കൊണ്ടു വരിക, പ്രസ്തുത മരങ്ങൾ സംസ്ഥാനത്തിന് വെളിയിലേയ്ക്ക് കടത്തുന്നത് നിരോധിക്കുക എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിനായി പരാമർശം (1) പ്രകാരം ശ്രീ.ജി.ജെ. ടെഗ്ഗി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച്) ഡോ.മാമ്മൻ (കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) എന്നിവരടങ്ങുന്ന ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് ഉത്തരവായിരുന്നു. വിദഗ്ധ സമിതിയുടെ റിപ്പോർട്ട്പരാമർശം (2)-ലെ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്) ലഭ്യമാക്കിയിരുന്നു.

2) വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്.

എ)മരാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ വനത്തിനു പുറത്തു നിന്നും കണ്ടെത്തണമെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റിന്റെ 1988 മുതലുള്ള നയം. ആയതിനാൽ തീപ്പെട്ടി വ്യവസായത്തിനുള്ള തോട്ടങ്ങൾ വനത്തിനുള്ളിൽ കണ്ടെത്തുക

പ്രയാസമാണ്. മട്ടി പോലുള്ള പാഴ്മരങ്ങൾ തോട്ടങ്ങളായി കൃഷിചെയ്താൽ വനത്തിൽ നിന്നുമുള്ള റവന്യൂ വരുമാനം കുറയും. മട്ടിയെ കീടങ്ങൾ വേഗത്തിൽ ആക്രമിക്കാൻ സാധ്യതയുള്ളതിനാൽ ഈ വൃക്ഷത്തിന്റെ വളർച്ച പ്രോത്സാഹിപ്പിക്കാൻ സാധ്യമല്ലാത്തതാണ്

ബി) വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ പരിപാടിയുടെ ഭാഗമായി വനേതര പ്രദേശങ്ങളിൽ പ്രത്യേകിച്ചും വീട്ടു വളപ്പിലും മറ്റും ചെടികൾ നട്ടു വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മട്ടി ഉൾപ്പെടെയുള്ള മരങ്ങളുടെ തൈകൾ വിതരണം ചെയ്യുന്നുണ്ട്. വനം വകുപ്പ് പ്രസ്തുത മരങ്ങൾ മുറിക്കുന്നതിനും കടത്തലിനും നിയന്ത്രണങ്ങൾ കൊണ്ടു വന്നാൽ പ്രസ്തുത മരങ്ങൾ വിൽപ്പന നടത്തുന്നതുവഴി കർഷകർക്ക് ലഭിക്കുന്ന വരുമാനത്തിൽ കുറവുണ്ടാകുകയും കർഷകർ പ്രസ്തുത മരങ്ങൾ വച്ചു പിടിപ്പിക്കുവാൻ വിസമ്മതിക്കുകയും കൂടാതെ വനംവകുപ്പിനോടുള്ള കർഷകരുടെ വിശ്വാസ്യത ഇല്ലാതാവുകയും ചെയ്യുന്നതാണ്. ഇപ്പോൾ വനം വകുപ്പ് മട്ടിയുടെ പ്രധാന ഉത്പാദകർ അല്ല.

സി) ആഗോള വൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഭാഗമായി എസ്സൻഷ്യൽ കമ്മോഡിറ്റി ആക്ടിന്റെ പരിധിയിൽ നിന്ന് ഉത്പന്നങ്ങളെ കുറച്ചു കൊണ്ടു വരണമെന്നുള്ളതാണ് സർക്കാർ നയമെന്നും അതിന്റെ ഭാഗമായി 1989ൽ എസ്സൻഷ്യൽ കമ്മോഡിറ്റി ആക്ടിൽ ഉൾപ്പെടുത്തിയിരുന്ന 70 ഇനങ്ങളെ ഈ ആക്ടിന്റെ പരിധിയിൽ നിന്നും കുറച്ചു കൊണ്ടു വന്ന് 2002 വർഷത്തിൽ അത് ഏഴാക്കിയിരിക്കുന്നു (ie,essential drugs, fertilizers, food stuff, cotton yarn, jute, petroleum products and seeds).

ഡി) പീഡിത വ്യവസായമെന്ന നിലയിൽ തീപ്പെട്ടി നിർമ്മാണത്തിൽ സർക്കാർ സഹായം ആവശ്യമുണ്ടെങ്കിലും സ്വകാര്യ ഭൂമിയിൽ വളരുന്ന മട്ടി മുതലായ വൃക്ഷങ്ങളെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത് ഒരു പരിഹാരമല്ല. ടി മരങ്ങളെ അതിർത്തി ജില്ലകളിലൂടെ അനിയന്ത്രിത കടത്തൽ തടയാൻ ഇവക്ക് ടാക്സ്/വാറ്റ് ഏർപ്പെടുത്താവുന്നതാണ്. കേരള അതിർത്തി പ്രത്യേകിച്ചും കൊല്ലം തിരുവനന്തപുരം ജില്ലകൾ വഴി മട്ടി കടത്തുന്ന വാഹനങ്ങളിൽ ഡെലിവറി നോട്ട്

പ്രദർശിപ്പിക്കേണ്ടതാണ്.

3) സാധാരണ തീപ്പെട്ടി നിർമ്മാണത്തിനുപയോഗിക്കുന്ന മട്ടി, പാല, ഇലവ് വൃക്ഷങ്ങൾ വീട്ടുവളപ്പിൽ വളരുന്നവയാണ് അവയെ എസ്സൻഷ്യൽ കമ്മോഡിറ്റി ആക്റ്റിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതില്ലായെന്നും അവയുടെ കടത്തൽ സർക്കാർ നിയന്ത്രിക്കുകയാണ് വേണ്ടതെന്നും സമതി ശുപാർശ ചെയ്തിരിക്കുന്നു.

4) വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സാധാരണ തീപ്പെട്ടി നിർമ്മാണത്തിനുപയോഗിക്കുന്ന മട്ടി, പാല, ഇലവ് വൃക്ഷങ്ങളെ എസ്സൻഷ്യൽ കമ്മോഡിറ്റി ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതില്ലാ എന്ന വിദഗ്ധ സമിതിയുടെ ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ് &ന്യൂമീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

VBeena

സെക്ഷൻ ഓഫീസർ